(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ മറ്റു സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം അംഗൻവാടികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചുവരുന്നു. കൂടാതെ വകുപ്പ് തലത്തിലും കളിക്കോപ്പുകൾ, മെഡിസിൻ കിറ്റുകൾ, ഫർണിച്ചർ മുതലായവ വാങ്ങി വിതരണം ചെയ്തുവരുന്നു. അംഗൻവാടികൾ സാമൂഹ്യ വിദ്യാ കേന്ദ്രങ്ങളായി ഉയർത്താനുള്ള പദ്ധതിയും നടപ്പിലാക്കിവരുന്നു. അതിൻപ്രകാരം ക്രമാനുഗതമായി അംഗൻവാടികളിൽ കമ്പ്യൂട്ടറും അനുബന്ധ ഘടകങ്ങളും ലഭ്യമാക്കുന്നതാണ്.

എടക്കാട് ബ്ലോക്കിൽ അംഗൻവാടികൾ അനുവദിക്കണമെന്ന ആവശ്യം

169 [2649] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ എടക്കാട് ബ്ലോക്കിൽ ജനസംഖ്യാനുപാതപ്രകാരം അംഗൻവാടികൾ അനുവദിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) ഇതു സംബന്ധമായ പ്രൊപ്പോസലിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) വിശദാംശം വ്യക്തമാക്കുമോ;

(ഡി) അംഗൻവാടികളിലെ പോഷകാഹാര വിതരണം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ സാഹചര്യത്തിൽ പ്രസ്തുത ആവശ്യം പരിഗണിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ഐ.സി.ഡി.എസ്. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മാത്രമേ പുതിയ അംഗൻവാടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. കേന്ദ്ര സർക്കാരിന്റെ 7-1-2003-ലെ നിർദ്ദേശമനുസരിച്ച് 10-ാം പഞ്ചവത്സര പദ്ധതിയിൽ ഐ.സി.ഡി.എസ്. വിപുലീകരിക്കാൻ കഴിയില്ലെന്നും, ഈ കാലയളവിൽ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് സേവനം ലഭ്യമാക്കുന്നതിന് നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള അംഗൻവാടികൾ പ്രോജക്ട് മാനദണ്ഡമനുസരിച്ച് പുനർനിർണ്ണയം ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ പാവനടുക്കത്ത് സ്ഥിതി ചെയ്യുന്ന വൃദ്ധമന്ദിരത്തിലെ അന്തേവാസികൾ

170 [2650] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly